പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2015

15.07.2016 ന് മറുപടിയ്ക്ക്.

## കരിമ്പുഴ സർക്കാർ ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ സർക്കാർ ഐ.ടി.ഐയിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളതെന്നും ഓരോ കോഴ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 18 ട്രെയിനികളും, പ്ലംബർ ട്രേഡിൽ 19 ട്രെയിനികളും നിലവിൽ പരിശീലനം നേടുന്നുണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ യ്ക്കാവശ്യമായ അധ്യാപകരും അനധ്യാപകരും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഓരോ ട്രേഡിലേക്കുമായി എത്ര വീതം അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(ഡി) ഏതെങ്കിലും ട്രേഡിൽ പഠിപ്പിക്കുവാൻ അധ്യാപകരില്ലാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി), (സി) & (ഡി) കരിമ്പുഴ ഐ.ടി.ഐ.യ്ക്കായി തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവന ക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരുടെ സേവനം പ്രയോജന പ്പെടുത്തിയാണ് ടി ഐ.ടി.ഐ.യിൽ ഇപ്പോൾ പരിശീലനം നൽകി വരുന്നത്. |
| (ഇ) പ്രസ്തുത ഒഴിവുകൾ അടിയന്ത രമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ; ബിൽഡിംഗുകൾ ഉൾപ്പെടെയുള്ള എന്തെല്ലാം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് പ്രസ്തുത സ്ഥാപനത്തിൽ നിലവി ലുള്ളതെന്നും അയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ യെന്നും വ്യക്തമാക്കാമോ? | (ഇ) ഐ.ടി.ഐ.യുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോ ധിക്കുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ താല്ക്കാലിക സംവിധാനത്തിലാണ് ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ